

# രക്ഷകനായ ദൈവം

2

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.**

പാഠം 9

# ഇവൻ എന്റെ പ്രിയപുത്രൻ



ഈശോക്ക് മുപ്പത് വയസ്സ്

പ്രായമായപ്പോൾ, പ്രവാചകനായ

സ്നാപകയോഹന്നാൻ

മാനസാന്തരത്തിന്റെ സന്ദേശം പ്രസംഗിച്ചുകൊു

കടന്നുവന്നു.

അദ്ദേഹം യോർദ്ദാൻ നദിയിൽവച്ചു

മാനസാന്തരത്തിന്റെ

മാമ്മോദീസാ നൽകിയിരുന്നു.

ഒരു ദിവസം ഈശോ നസ്രത്തിൽ നിന്നുവന്ന്

യോർദ്ദാനിൽവച്ച്

സ്നാപകയോഹന്നാനിൽനിന്നു

മാമ്മോദീസാ സ്വീകരിച്ചു.

ഈശോ വെള്ളത്തിൽനിന്നു
കയറിയപ്പോൾ സ്വർഗ്ഗത്തിൽനിന്ന്
പരിശുദ്ധാത്മാവ് പ്രാവിന്റെ
രൂപത്തിൽ ഈശോയുടെ മേൽ
ഇറങ്ങിവന്നു.

അപ്പോൾ സ്വർഗ്ഗത്തിൽ നിന്ന്
പിതാവായ ദൈവത്തിന്റെ ശബ്ദം
മുഴങ്ങി...

ഇവൻ എന്റെ

## പ്രിയപുത്രൻ !

ഇവനിൽ ഞാൻ

പ്രസാദിച്ചിരിക്കുന്നു...

ഈശോയുടെ മാമ്മോദിസായുടെ അനുസ്മരണമാണ്

## ജനുവരി 6-ാം തീയതി

സഭ ആചരിക്കുന്ന

## ദനഹാത്തിരുന്നാൾ.

# നമുക്കു പാടാം



സ്നാപകനിൽനിന്നാസുദിനേ
മാമ്മോദീസാ കൈക്കൊാ
ദൈവസുതാ മമരാജാവേ
ഞങ്ങൾ നിന്നെ നമിക്കുന്നു.


മാമ്മോദീസാ വഴി നമ്മെ
ദൈവികമക്കൾ ആക്കിയൊരാ
ദൈവപിതാവിൻ സ്നേഹത്തെ
മന്നിൽ വാഴ്ത്തിപ്പാടീടാം.

പരിശുദ്ധാത്മാവ് പ്രാവിന്റെ

രൂപത്തിൽ

ഈശോയുടെ മേൽ

ഇറങ്ങിവന്നു.







# നമുക്കുപ്രാർത്ഥിക്കാം

**ഇവൻ എന്റെ പ്രിയപുത്രനാകുന്നുവെന്ന്**

**പിതാവിൽ നിന്നു സാക്ഷ്യം ലഭിച്ച**

**മിശിഹായേ, കർത്താവും ദൈവവുമായി**

**നിന്നെ ഏറ്റുപറയുവാൻ ഞങ്ങളെ**

**അനുഗ്രഹിക്കണമേ...**

# നമുക്ക് അനുകരിക്കാം

**ദൈവപുത്രനായ ഈശോയെപ്പോലെ**


**നമുക്കും ദൈവമക്കാളായി**

**ജീവിക്കാം.**

# ബോധ്യങ്ങൾ

* ഈശോ യോഹന്നാനിൽ നിന്നും യോർദ്ദാനിൽ വച്ചു മാമ്മോദീസാ സ്വീകരിച്ചു.

മാമ്മോദീസാ സമയത്ത് ഈശോ തന്റെ പ്രിയപുത്രനാണെന്നു ദൈവം വെളിപ്പെടുത്തി.



* നമ്മളും മാമ്മോദീസ വഴി ദൈവമക്കളായി ത്തീർന്നു.

# മനോഭാവങ്ങൾ



* മാമ്മോദീസ വഴി ദൈവമക്കളാകുവാൻ അനുഗ്രഹം നൽകിയ ദൈവത്തോടു നന്ദിയുള്ളവരാകണം.

* നാം ദൈവമക്കൾക്കനുസരണമായ ജീവിതം നയിക്കണം.

# ശീലങ്ങൾ

* മാമ്മോദീസവഴി നമുക്കു ലഭിച്ച സ്ഥാനം പാപം വഴി നഷ്ടപ്പെടുത്താതിരിക്കുക.

* ദൈവമക്കൾ എന്ന സ്ഥാനം നൽകിയ ദൈവത്തെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുക.





# THANK YOU